ഊന്നൽ. അതുപോലെ, അന്താരാഷ്ട്രീയനിലവാരമുള്ള മെഡിക്കൽ ബിരുദധാരികളെ സൃഷ്ടിക്കുന്നതിനേക്കാൾ പ്രാധാന്യം സാധാരണ നില വാരമുള്ള പാരാ മെഡിക്കൽ പ്രവർത്തകരുടെ ഒരു വിപുലസേനയെ സംഘ ടിപ്പിക്കുന്നതിനു നൽകപ്പെടണം.

ഇരുപത്തൊന്നാം നൂററാണ്ടിലേക്കുള്ള ഇന്ത്യയുടെ വഴി, മററു പലതി ലൂടെയുമെന്നതുപോലെ, ബഹുഭൂരിപക്ഷം വരുന്ന സാമാന്യജനങ്ങളുടെ ആരോഗ്യത്തിലൂടെയും ദീർഘായുസ്സിലൂടെയുമാണ്. ഈ വഴിയിലൂടെ നാം മുന്നേറാത്തപക്ഷം, ഇനി പതിനഞ്ചുവർഷം കഴിഞ്ഞാലും, ഇന്ത്യ നിലകൊള്ളുക അന്ധകാരംനിറഞ്ഞ മധ്യയുഗത്തിന്റെ ഏതോ ഘട്ട ത്തിൽ ആയിരിക്കും.

24 ഡിസംബർ, 1985

## 42. എല്ലാവർക്കും വീട്

വിശപ്പിനു് കഞ്ഞി കഴിഞ്ഞാൽപ്പിന്നെ മനുഷ്യന്റെ ഏററവും വലിയ ആവശ്യം വീണുറങ്ങാൻ ഒരു വീടു് ആകുന്നു. എന്നാൽ, തല ചായ്ക്കാൻ ഇടം ഇല്ലാത്തവരാണു് മനുഷ്യപുത്രരിൽ വളരെ വലിയ ഒരു വിഭാഗം. ലോകത്തിൽ ഇപ്പോൾ ആകെയുള്ള നാനൂററിയെൺപതുകോടി ജനങ്ങ ളിൽ നൂററിയിരുപതുകോടിയും—ദരിദ്രരാജ്യങ്ങളിലെ ജനസംഖ്യയുടെ മൂന്നിൽ രണ്ടു ഭാഗമാണിതു്—ദാരിദ്ര്യരേഖയ്ക്കുതാഴെയാണെന്നു് കണക്കാ ക്കപ്പെട്ടിരിക്കുന്നു. ഇവരിൽ, പത്തുകോടി ജനങ്ങൾ തലയ്ക്കുമീതെ ഒരു വിധത്തിലുള്ള കൂരയും ഇല്ലാത്തവരാണു്.

ഇന്ത്യയിലോ? ഇന്ത്യയിൽ ഇന്നു് ജീവിക്കുന്ന എല്ലാവർക്കും പാർപ്പി ടമുണ്ടാകണമെങ്കിൽ, പുതുതായി രണ്ടുകോടി നാല്പത്തേഴുലക്ഷം വീടുകൾ കൂടി ഉണ്ടാക്കണമത്രേ. ഇവയിൽ ഒരുകോടി എൺപത്തെട്ടുലക്ഷം വീടു കൾ നിർമിക്കേണ്ടതു് ഗ്രാമങ്ങളിലാണു്; അമ്പത്തൊമ്പതുലക്ഷം വീടു കൾ നഗരങ്ങളിലും.

അത്രയും വീടുകൾ ഉണ്ടാക്കിയെന്നുതന്നെ വെക്കുക. എന്നാലും നഗരങ്ങളിലെ പാർപ്പിടപ്രശ്നം പരിഹരിക്കപ്പെടുമോ? തൊഴിലും കൂടുതൽ മെച്ചപ്പെട്ട ജീവിതവും തേടി ഗ്രാമങ്ങളിൽനിന്നു നഗരങ്ങളി ലേക്കുള്ള ദൈനംദിന ജനപ്രവാഹം ആണ്ടോടാണ്ടു് വർധിച്ചുവരുന്നതേ യുള്ളൂ. അമ്പതുലക്ഷത്തിലേറെ ജനസംഖ്യയുള്ള അഞ്ചുനഗരങ്ങളാണു് 1950–ൽ ലോകത്തിലാകെയുണ്ടായിരുന്നതു്. മുപ്പതുകൊല്ലം കഴിഞ്ഞു്, 1980–ൽ, ലോകത്തിലെ ഇരുപത്താറു നഗരങ്ങളിൽ ജനസംഖ്യ അമ്പതു ലക്ഷം കവിഞ്ഞു. ഈ നഗരങ്ങളിൽ പത്തൊമ്പതും ദരിദ്രരാജ്യങ്ങളിലു മാണു്. ഇനി പതിനഞ്ചുകൊല്ലംകൂടി കഴിഞ്ഞു്, ക്രിസ്തുവർഷത്തിലെ മൂന്നാം സഹസ്രാബ്ദം പിറക്കുമ്പോഴേക്കു്, ലോകത്തിലെ അമ്പത്തെട്ടു നഗരങ്ങളിൽ ജനസംഖ്യ അമ്പതുലക്ഷത്തിലേറെയായിരിക്കും; ഈ മഹാ നഗരങ്ങളിൽ നാല്പത്തിനാലും ദരിദ്രരാജ്യങ്ങളിലായിരിക്കുകയുംചെയ്യും. കീറിയ ചാക്കും പീഞ്ഞപ്പലകക്കഷണങ്ങളും അടിച്ചുപരത്തിയ തകര പ്പാത്രങ്ങളും—കിട്ടിയതെന്തും—കൊണ്ടു നിർമിക്കപ്പെട്ട നമ്മുടെ നഗരങ്ങ ളിലെ ചേരികളെ മനസ്സിൽ ഓർക്കുക. ഇത്തരം ചേരികളിൽപോലും പൊറുതിക്കു് ഇടംകിട്ടാതെ, തുറന്ന തെരുവുകളിൽ പിറന്നുവീണു വളന്നു മരിക്കാൻ വിധിക്കപ്പെട്ട ജനകോടികളെപ്പററിയും ചിന്തിക്കുക. പാർപ്പിട പ്രശ്നത്തിന്റെ ഭീകരതയ്ക്കുമുമ്പിൽ ആരാണു് അന്തംവിട്ടുനില്ക്കാത്തതു്?

ജനങ്ങൾക്ക് പാർപ്പിടം നൽകുകയെന്ന പ്രശ്നം, സ്വാഭാവികമായും, ഐക്യരാഷ്ട്രസമിതിയുടെ ശ്രദ്ധ ആകർഷിച്ചു. ഐക്യരാഷ്ട്രസമിതിയുടെ 1981 ഡിസംബറിൽ ചേർന്ന പൊതുസമ്മേളനം ഈ പ്രശ്നം ചർച്ച ചെയ്യുകയും, ലോകരാഷ്ട്രങ്ങളുടെ ശ്രദ്ധ ഈ അടിയന്തിരപ്രശ്നത്തിന്റെ പരിഹാരത്തിൽ കേന്ദ്രീകരിക്കുന്നതിനുവേണ്ടി, 1987–ാമാണ്ട് 'വീടി ല്ലാത്തവർക്ക് താവളം നൽകുന്നതിനുള്ള അന്താരാഷ്ട്രീയ വർഷം' (ഇൻറർനാഷണൽ ഇയർ ഓഫ് ഷെൽട്ടർ ഫോർ ദി ഹോംലെസ്; ഐ. വൈ. എസ്. എച്ച്.) ആയിരിക്കുമെന്നു പ്രഖ്യാപിക്കുകയും ചെയ്തു. ദരിദ്രർക്ക് വീടുകളും ജീവിക്കാൻപററിയ അയൽപക്കങ്ങളും ലഭ്യമാക്കുന്നതിനുള്ള പരിപാടികൾ 1987–ാമാണ്ട് ആകുമ്പോഴേക്ക് എല്ലാ രാജ്യങ്ങളും ആവിഷ്കരിക്കുകയും, ഈ പരിപാടികളുടെ പ്രായോഗികത തെളിയിക്കുകയും വേണമെന്നും, 'എല്ലാ മനുഷ്യർക്കും വീട്' എന്ന ലക്ഷ്യം 2000–ാമാണ്ട് ആകുമ്പോഴേക്ക് കൈവരുമാറ് ഈ പരിപാടികൾ നടപ്പിൽ വരുത്തണമെന്നുമാണ് ഐക്യരാഷ്ട്രസമിതി നിർദേശിച്ചിട്ടുള്ളതു്.

'അന്താരാഷ്ട്രീയ പാർപ്പിടവർഷം' ആചരിക്കുന്നതിനെപ്പററി ആലോചിക്കുന്നതിനായി ഇന്ത്യാഗവണ്മെൻറിന്റെ പൊതുമരാമത്ത് ഭവന–മന്ത്രാലയം ഇക്കഴിഞ്ഞ ഫെബ്രുവരി മധ്യത്തിൽ ദൽഹിയിൽ ഒരു സമ്മേളനം വിളിച്ചുകൂട്ടുകയുണ്ടായി.

ബഹുജനങ്ങൾക്ക പാർപ്പിടം ലഭ്യമാക്കുകയെന്ന പ്രശ്നം സംബന്ധിച്ച ലോകസമ്മേളനങ്ങൾ പലതും അടുത്തകാലത്തു നടക്കുകയുണ്ടായി. ഇവയിലെല്ലാം ഇന്ത്യാഗവണ്മെൻറ് ശ്രദ്ധാന്തിയോടെ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. ഇന്ദിരാഗാന്ധിയുടെ ഇരുപതിനപരിപാടിയിൽ ഒരിനം ദരിദ്രർക്ക പാർപ്പിടങ്ങൾ നിർമിച്ചു നൽകുക എന്നതാണ്. എന്നിട്ടും, ഇന്ത്യയിൽ എത്ര കുടുംബങ്ങൾക്ക പാർപ്പിടങ്ങൾ ഇല്ലെന്നോ, വേണ്ടത്ര പാർപ്പിടങ്ങൾ നിർമിക്കുന്നതിന് എന്തു ചെലവു വരുമെന്നോ വ്യക്തമായ ധാരണ ഇപ്പോഴും ഇന്ത്യയിലെ കേന്ദ്രസർക്കാരിനോ സംസ്ഥാനസർക്കാരുകൾക്കോ ഇല്ല. ഈ വിവരങ്ങൾ ശേഖരിക്കണമെന്നും, അവ ആവശ്യക്കാർക്ക ലഭിക്കുന്നതിനുള്ള വ്യവസ്ഥയുണ്ടാക്കണമെന്നുമാണ് ദൽഹിസമ്മേളനം അംഗീകരിച്ച ഒരു ശുപാർശ. അന്താരാഷ്ട്രീയ പാർപ്പിടാചരണം സംബന്ധിച്ച വിവരങ്ങൾ സംഭരിക്കാനും വിതരണംചെയ്യാനും, നിർദേശങ്ങൾ നടപ്പിലാക്കുന്നുണ്ടോയെന്ന് ഉററുനോക്കാനും ഒരു ദേശീയകേന്ദ്രം—ഒരു വ്യക്തിയോ ഒരു സ്ഥാപനമോ—ഉണ്ടായിരിക്കണമെന്നും സമ്മേളനം അഭിപ്രായപ്പെട്ടു.

ഇപ്പോൾ തയ്യാറാക്കിക്കൊണ്ടിരിക്കുന്ന ഇന്ത്യയുടെ ഏഴാം പഞ്ചവത്സരപദ്ധതിയിൽ പാർപ്പിടനിർമ്മാണത്തിനു് പൂർവ്വാധികം പ്രാധാന്യം നൽകപ്പെട്ടിട്ടുണ്ട്. എന്നാൽ, എല്ലാവർക്കും പാർപ്പിടം നൽകുകയെന്ന സ്വപ്നം അടുത്ത അഞ്ചു വർഷങ്ങൾക്കകത്തല്ല, പതിനഞ്ചു വർഷങ്ങൾക്കകത്തുതന്നെ ഇന്ത്യയിൽ നിറവേറുമെന്ന പ്രതീക്ഷ ദൽഹി സമ്മേളനത്തിൽ പങ്കെടുത്തവർക്ക് ഉണ്ടായിരുന്നില്ലത്രേ. ജനങ്ങളുടെ മിനിമം ആവശ്യങ്ങൾ നിറവേററുന്നതിനുള്ള പരിപാടിയിൽ പാർപ്പിടനിർമ്മാണം ഉൾപ്പെടുത്തണമെന്നും, സ്വകാര്യമേഖലയുടെയും സ്വയംസേവകസംഘടനകളുടെയും സഹകരണം പാർപ്പിടനിർമാണത്തിനു ലഭ്യമാക്കണമെന്നും നിർദേശമുണ്ടായി. കുറഞ്ഞ ചെലവിൽ കൂടുതൽ വീടുകൾ ചുരുങ്ങിയ സമയംകൊണ്ടു നിർമിക്കുമ്പോൾ സ്വീകാര്യങ്ങളായ മാതൃകകൾ ഏവയായിരിക്കണമെന്ന ചർച്ചയും സമ്മേളനത്തിൽ നടന്നു. പല മാതൃകകളും ഇപ്പോൾത്തന്നെ ലഭ്യങ്ങളാണെങ്കിലും, ഇതു സംബന്ധിച്ച കൂടുതൽ പഠനങ്ങൾ ആവശ്യമാണെന്നായിരുന്നു സമ്മേളനത്തിന്റെ നിഗമനം.

വീടു പണിയാൻ ഭൂമി വേണമല്ലോ. ഇന്ത്യയിൽ നഗരങ്ങളിൽ മാത്രമല്ല, ഗ്രാമപ്രദേശങ്ങളിൽപ്പോലും ഭൂമിയുടെ വില ഉയർന്നുയർന്നു പൊയ്ക്കൊണ്ടിരിക്കുകയാണ്. നഗരഭൂമിയുടെ വിലവർദ്ധന നിയന്ത്രിക്കുന്നതിനെപ്പററി അനന്തങ്ങളായ ചർച്ചകൾ നടന്നുകഴിഞ്ഞിട്ടുണ്ട്; പക്ഷേ, ഫലപ്രദമായ യാതൊരു നടപടിയും ഇന്നോളം ഉണ്ടായിട്ടില്ല. ജനകീയ പാർപ്പിടപദ്ധതികൾക്കുവേണ്ടി ഒരു 'ഭൂമിബാങ്ക്' സ്ഥാപിക്കണമെന്നായിരുന്നു ദൽഹിസമ്മേളനത്തിന്റെ ഒരു നിർദേശം. ഇതു സംബന്ധിച്ച് ഫലപ്രദമായ എന്തെങ്കിലും നടപടി ഉണ്ടാവുമോയെന്നു കണ്ടുതന്നെ അറിയണം.

ഭൂമി ലഭിച്ചാൽ, പാർപ്പിടനിർമാണത്തെ സംബന്ധിച്ചിടത്തോളം, അടുത്ത പ്രശ്നം മൂലധനത്തിന്റെ ലഭ്യതയാണ്. വീടുപണിക്ക് ബാങ്കുകളിൽനിന്ന് വായ്പ ഇപ്പോൾ പണക്കാർക്കു മാത്രമേ കിട്ടൂ. ഈ വായ്പകൾതന്നെ റിസർവ് ബാങ്ക് ചുമത്തിയ പല വ്യവസ്ഥകൾക്കും വിധേയമാണ്; അവയ്ക്കു വലിയ പലിശ കൊടുക്കുകയും വേണം. വായ്പ സംബന്ധിച്ച വ്യവസ്ഥകൾ ഉദാരമാക്കുക, പലിശ ചുരുക്കുക, പ്രോവിഡൻറ് ഫണ്ടിൽനിന്നും മററും പണം പാർപ്പിടനിർമാണത്തിലേക്കു തിരിച്ചുവിടുക—അങ്ങനെ ഏതാനും നിർദേശങ്ങളും ദൽഹി സമ്മേളനത്തിൽ ഉന്നയിക്കപ്പെട്ടു.

യുദ്ധകാലാടിസ്ഥാനത്തിൽ പരിഹാരം കാണേണ്ടതാണ് പാർപ്പിട പ്രശ്നമെന്ന് എല്ലാവരും പറയുന്നുണ്ട്. 'യുദ്ധകാലാടിസ്ഥാനം' എന്നതിന് അർത്ഥം ഓഡിററ് വകുപ്പുകാർ ചുമത്തുന്ന നിയന്ത്രണങ്ങൾ ഒഴിവാക്കുകയെന്നു മാത്രമാണെങ്കിൽ, പാർപ്പിടങ്ങൾക്കുവേണ്ടി സർക്കാർ ചെലവഴിക്കുന്ന പണത്തിൽ വലിയൊരു പങ്ക് കട്ടുമുടിഞ്ഞുപോകാനാണ് സാധ്യത. വീടുകൾ വേണ്ടതു ബഹുജനങ്ങൾക്കാകയാൽ, അവരുടെ പങ്കാളിത്തം പാർപ്പിടനിർമാണപദ്ധതികൾക്ക് ഉറപ്പുവരുത്തുകയാണ് മുഖ്യാവശ്യം.

1956–ൽ ബ്രിട്ടനിൽ ഒരു പഠനപര്യടനം നടത്തിയപ്പോൾ, യുദ്ധത്തിനുശേഷം അവിടെ നടപ്പിൽവരുത്തിയ പാർപ്പിടനിർമാണപദ്ധതികളിൽ ചിലതു ചെന്നുകാണാൻ എനിക്ക് അവസരം ലഭിച്ചിരുന്നു. ഇടത്തരക്കാർക്കുവേണ്ടിയുള്ള ആ വീടുകൾ പണിയാൻ ആവശ്യമായ അദ്ധ്വാനം മുഴുവൻ, ആ വീടുകളിൽ പാർക്കുന്നവരുടേതായിരുന്നു. അതായതു് കൂലിച്ചിലവു തികച്ചും ഒഴിവാക്കി നിർമിച്ചവയായിരുന്നു ആ വീടുകൾ. വീടുണ്ടാക്കാനാവശ്യമായ സ്ഥലവും ഉപകരണങ്ങളും മേൽനോട്ടവും സർക്കാർ നൽകി. വീടുകൾ ആവശ്യമുള്ളവർക്ക്, ഇഷ്ടിക പടുക്കേണ്ട രീതിയിലും കമ്മായപ്പണിയിലും അത്യാവശ്യം ആശാരിപ്പണിയിലും ഹ്രസ്വകാലപരിശീലനം നൽകപ്പെട്ടു. തങ്ങളുടെ വീടുകൾ മാത്രമല്ലാതെ അയല്ക്കാരുടെ വീടുകൾകൂടി പണിയുന്നതിൽ ആളുകൾ അദ്ധ്വാനം സംഭാവനചെയ്തു. ഈ അദ്ധ്വാനം നാൾവഴിപ്പുസ്തകത്തിൽ രേഖപ്പെടുത്തുകയും, പിന്നീട് വായ്പ തിരിച്ചടയ്ക്കുമ്പോൾ അതിന് ആനുപാതികമായി ഇളവു നൽകപ്പെടുകയുംചെയ്തു. ഫലം: യുദ്ധംകൊണ്ടു തകർന്ന ബ്രിട്ടനിലെ പല നഗരങ്ങളിലും ഏതാനും ആഴ്ചകൾകൊണ്ട് പുതിയ പാർപ്പിടപ്പരപ്പുകൾ ഉയർന്നുവന്നു.

കേരളത്തിൽ 'ലക്ഷംവീട് പദ്ധതി' നടപ്പിൽവരുത്തിയപ്പോൾ, ഇത്തരം ബഹുജനപങ്കാളിത്തം ആ പദ്ധതിക്കു ലഭ്യമാക്കണമെന്നു നിർദേശമുണ്ടായിരുന്നു. പക്ഷേ, ഒരു ജനകീയപദ്ധതിയെന്നതിലേറെ, മിക്കവാറും ഒരു 'ഉദ്യോഗസ്ഥമേധാവിത്തപദ്ധതി' തന്നെയായിപ്പോയതാണ് ആ പദ്ധതിയുടെ പരാജയം. 1987–ലെ അന്താരാഷ്ട്രീയ പാർപ്പിട വർഷാചരണത്തിന്റെ ഒരു ഘടകം, പാർപ്പിടപ്രശ്നം പരിഹരിക്കുന്ന

തിൽ ബഹുജനപങ്കാളിത്തം ഉറപ്പുവരുത്തുമാറ് വ്യാപകമായ ഒരു ബോധവല്ക്കരണപരിപാടിയായിരുന്നാൽ കൊള്ളാം. വീട് ആവശ്യമുള്ളവരുടെ എല്ലാം സക്രിയസഹകരണത്തോടുകൂടി മാത്രമേ 'എല്ലാവർക്കും വീട്' എന്ന ലക്ഷ്യം നടപ്പിൽവരുത്താൻ കഴിയുകയുള്ളു.

20 ഫെബ്രുവരി, 1985

## 43. ആസ്ഡ്റപാഠം

അധർമേണൈധതേ താവത്
തതോ ഭദ്രാണി പശ്യതി
തതഃ സപത്നാൻ ജയതി
സമൂലസ്തു വിനശ്യതി

'അധർമംകൊണ്ട് ആദ്യമൊക്കെ അഭിവൃദ്ധിയുണ്ടാകുന്നു; പിന്നീട് നേട്ടങ്ങൾ കൈവരുന്നതായിത്തോന്നുന്നു. തുടർന്നു ശത്രുക്കളെ കീഴടക്കാനും സാധിക്കുന്നു. പക്ഷേ, ഒടുവിൽ, വേരുകളോടുകൂടെ നശിക്കേണ്ട ഗതി വന്നുചേരുന്നു' എന്നത്രേ 'ഇന്ത്യയുടെ ഇതിഹാസ'മായ മഹാഭാരതത്തിന്റെ സന്ദേശം. വ്യക്തികളുടെ ജീവിതത്തിൽ മാത്രമല്ല, രാഷ്ട്രങ്ങളുടെ ചരിത്രത്തിലും ഈ സന്ദേശം പ്രസക്തമാണെന്ന് ഉദാഹരിക്കുവാനാണ് വ്യാസൻ മഹാഭാരതം നിർമിച്ചത്. 'ജയം' എന്ന പേര് നൽകപ്പെട്ടിട്ടുണ്ടെങ്കിലും, വാസ്തവത്തിൽ മഹാഭാരതം പറയുന്നത് അധർമം കൊണ്ടു വന്നുചേർന്ന പരാജയത്തിന്റെ കഥയാണ്.

ഇന്ത്യയുടെ വ്യത്യസ്ത ഭാഷാസാഹിത്യങ്ങളിലും കലകളിലും മൗഖിക പാരമ്പര്യങ്ങളിലും, മഹാഭാരതം നിറഞ്ഞുനില്ക്കുന്നു. അതിനാൽ മഹാഭാരതകഥ അറിയാത്തവർ, ഇന്ത്യയിൽ, ഇന്നും വളരെ കുറവായിരിക്കും. മഹാഭാരതത്തിന്റെ സന്ദേശം ഉൾക്കൊണ്ട്, അതിനു് അനുസൃതമായി സ്വന്തം പെരുമാററത്തെ രൂപപ്പെടുത്തുന്നവരുടെ എണ്ണവും വിരളമായിരിക്കാൻ ഇടയില്ല. എന്നാൽ, ഒരു സമൂഹമെന്നനിലയ്ക്കുള്ള പെരുമാററത്തിൽ, പണ്ടെന്നപോലെ ഇന്നും, നാം മഹാഭാരതാദർശത്തിൽനിന്ന് എത്രയോ അകലെയാണു സ്ഥിതിചെയ്യുന്നത്. രാഷ്ട്രീയപ്രവർത്തനത്തെ ധർമാധിഷ്ഠിതമാക്കുന്നതിനുവേണ്ടി ജീവാർപ്പണംചെയ്ത മഹാത്മാഗാന്ധിയിൽ നിന്നുപോലും ഇന്ത്യ വളരെയൊന്നും പഠിച്ചതായി തോന്നുന്നില്ല.

അധികാരം നേടുകയും, നേടിയ അധികാരം കൈയിൽനിന്നു വഴുതിപ്പോകാതെ നോക്കുകയും മാത്രമായിരിക്കുന്നു ഇന്ത്യയിൽ രാഷ്ട്രീയ പ്രവർത്തനത്തിന്റെ ലക്ഷ്യം. ഇക്കാര്യത്തിൽ, വ്യത്യസ്ത പാർട്ടികൾക്കിടയിൽ എന്തെങ്കിലും ഭേദമുള്ളതായി തോന്നുന്നില്ല. 'കോൺഗ്രസ് സംസ്കാര'ത്തെപ്പററിയും കമ്യൂണിസ്റ്റ് സംസ്കാരത്തെപ്പററിയും മററും ഇന്ത്യയിൽ സംസാരിക്കുന്നതിനു വലിയ അർത്ഥമൊന്നുമില്ല. ഇന്ത്യയിൽ പൊതുവേ ഉള്ളത് ഒരൊററ 'രാഷ്ട്രീയ സംസ്കാര'മാണ്. 'ദാരിദ്ര്യ സംസ്കാരം' (പോവർട്ടി കൾച്ചർ) എന്ന്, വേണമെങ്കിൽ, അതിനെ വിളിക്കാം. അടങ്ങാത്ത ബുഭുക്ഷയാണല്ലോ ദരിദ്രന്റെ മനസ്ഥിതിയിലെ മുഖ്യഘടകം. 'വിശപ്പിനു വിഭവങ്ങൾ വെറുപ്പോളമശിച്ചാലും' അടുത്ത ഭക്ഷണത്തെപ്പററിയായിരിക്കും എപ്പോഴും ദരിദ്രന്റെ ചിന്ത. അടുത്ത തെരഞ്ഞെടുപ്പിൽ അധികാരം പിടിച്ചുപററുകയോ, ഇപ്പോൾ കൈയിലുള്ള അധികാരം വിട്ടുപോകാതെ നോക്കുകയോ ചെ